" ഭരണഭാഷ .... മാതൃഭാഷ "

**സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ**

**(ഹാജർ: ജാഫർ മലിക് IAS)**

തിരുവനന്തപുരം

ഉത്തരവ് നം: C2-16803/17 തീയതി :02/11/2018

---

വിഷയം: സാമൂഹ്യനീതി വകുപ്പ് – മിശ്രവിവാഹ ധനസഹായം – 2018 – 19 സാമ്പത്തിക വർഷം – ഫണ്ട് അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം: (1) 03/07/1977 തീയതിയിലെ G.O(MS)No.6/77/LA&SW

(2) 09/09/2010 ലെ G.O(MS)No.66/2010/SJD, തിരുവനന്തപുരം

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം ഒഴികെ മിശ്രവിവാഹം ചെയ്യുതുമൂലം സാമ്പത്തിക ദുരിതം അനുഭവിക്കുന്ന മിശ്രവിവാഹിതരായ ദമ്പതിമാർക്ക് പരാമർശം (1) ലെ ഉത്തരവ് പ്രകാരം വിവാഹ ധനസഹായം നൽകുന്ന പദ്ധതി സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. പഞ്ചായത്ത് രാജ് സംവിധാനം നിലവിൽ വന്നതോടെ മിശ്രവിവാഹിതർക്ക് നൽകുന്ന ധനസഹായം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായ ബ്ലോക്ക് പഞ്ചായത്തിനും, മുൻസിപ്പാലിറ്റിയ്ക്കും, കോർപ്പറേഷനുമായി കൈമാറ്റം ചെയ്തുവരുന്നു.

പരാമർശം (2) ലെ ഉത്തരവ് പ്രകാരം 09/09/2010 മുതൽ മിശ്രവിവാഹിതരായ ദമ്പതിമാർക്കുള്ള ധനസഹായം 30,000/- രൂപയാക്കി വർദ്ധിപ്പിച്ച് നൽകുന്നതിന് സർക്കാർ ഉത്തരവ് നിലവിലുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ മിശ്രവിവാഹിതർക്ക് ധനസഹായം നൽകുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ 1,11,00,000/- രൂപയും മുൻസിപ്പാലിറ്റി തലത്തിൽ 19,20,000/- രൂപയും കോർപ്പറേഷൻ തലത്തിൽ 14,40,000/- രൂപയും ഉൾപ്പെടെ ആകെ 1,44,60,000/- രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്.ഇതിൽ നിന്നും നാളിതുവരെ 13,30,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.ബാക്കി തുകയായ 1,31,30,000/- രൂപയിൽ ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ 98,00,000/- രൂപയും മുൻസിപ്പാലിറ്റി തലത്തിൽ 18,90,000/- രൂപയും കോർപ്പറേഷൻ തലത്തിൽ 14,40,000/- രൂപയും നീക്കിയിരിപ്പുണ്ട്.ആയതിനാൽ 2012- 13 വർഷം മുതൽ ലഭ്യമായ അപേക്ഷകളുടെ മുൻഗണനാക്രമം കർശനമായി പാലിച്ചുകൊണ്ട് 437 ദമ്പതിമാർക്ക് 30,000/- രൂപ ക്രമത്തിൽ 1,31,10,000/- രൂപ മിശ്രവിവാഹ ധനസഹായത്തിനായി അനുവദിക്കുവാൻ കഴിയുന്നതാണ്.

മേൽ വിവരിച്ച സാഹചര്യത്തിൽ 2018–19 സാമ്പത്തികവർഷത്തെ 2235-02-800-98(NP)ശീർഷകത്തിൽ നിന്നും വകയിരുത്തിയിട്ടുള്ള 1,31,10,000/- രൂപ മിശ്രവിവാഹദമ്പതിമാർക്ക് ധനസഹായം അനുവദിക്കുന്നതിലേയ്ക്ക് 14 ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കായി ചുവടെ പരാമർശിക്കും പ്രകാരം തുക അനുവദിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നമ്പർ | ജില്ല | ബ്ലോക്ക് പഞ്ചായത്ത് 2235-02-197-50 ( NP) | | മുനിസിപാലിറ്റി 2235-02-192-50 ( NP) | | കോർപറേഷൻ 2235-02-191-50 ( NP) | | | അനുവദിക്കുന്ന ആകെ തുക |
|---|---|---|---|---|---|---|---|---|---|
| | | അപേക്ഷകളുടെ എണ്ണം | തുക | അപേക്ഷകളുടെ എണ്ണം | തുക | അപേക്ഷകളുടെ എണ്ണം | തുക | ആകെ അപേക്ഷകളുടെ എണ്ണം | |
| 1 | തിരുവനന്തപുരം | 71 | 2130000 | 3 | 90000 | 12 | 360000 | 86 | 2580000 |
| 2 | കൊല്ലം | 34 | 1020000 | 3 | 90000 | 4 | 120000 | 41 | 1230000 |
| 3 | പത്തനംതിട്ട | 0 | 0 | 1 | 30000 | 0 | 0 | 1 | 30000 |
| 4 | ആലപ്പുഴ | 93 | 2790000 | 20 | 600000 | 0 | 0 | 113 | 3390000 |
| 5 | കോട്ടയം | 14 | 420000 | 1 | 30000 | 0 | 0 | 15 | 450000 |
| 6 | ഇടുക്കി | 41 | 1230000 | 5 | 150000 | 0 | 0 | 46 | 1380000 |
| 7 | എറണാകുളം | 30 | 900000 | 8 | 240000 | 9 | 270000 | 47 | 1410000 |
| 8 | തൃശ്ശൂർ | 0 | 0 | 2 | 60000 | 15 | 450000 | 17 | 510000 |
| 9 | പാലക്കാട് | 18 | 540000 | 1 | 30000 | 0 | 0 | 19 | 570000 |
| 10 | മലപ്പുറം | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 11 | കോഴിക്കോട് | 13 | 390000 | 7 | 210000 | 3 | 90000 | 23 | 690000 |
| 12 | കണ്ണൂർ | 7 | 210000 | 6 | 180000 | 5 | 150000 | 18 | 540000 |
| 13 | കാസർകോട് | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 14 | വയനാട് | 5 | 150000 | 6 | 180000 | 0 | 0 | 11 | 330000 |
| | **ആകെ** | **326** | **9780000** | **63** | **1890000** | **48** | **1440000** | **437** | **13110000** |

മേൽ പരാമർശിച്ച പ്രകാരം അനുവദിച്ചിരിക്കുന്ന തുക മുൻഗണനാക്രമം അനുസരിച്ച് വീഴ്ച കൂടാതെ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ ബ്ലോക്ക് പഞ്ചായത്ത്/ മുൻസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിലുള്ള അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് അനുവദിച്ച് നൽകേണ്ടതാണ്. ഇതിലേയ്ക്ക് ആവശ്യമായ 1,31,10,000/- (ഒരു കോടി മുപ്പത്തിയൊന്ന് ലക്ഷത്തി പതിനായിരം രൂപ മാത്രം) നടപ്പു സാമ്പത്തിക വർഷത്തെ 2235-02-

800-98(NP) ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്. തുക ചെലവഴിച്ച ശേഷം ധനവിനിയോഗ സർട്ടിഫിക്കറ്റ് ഈ കാര്യാലയത്തിലേയ്ക്ക് അയച്ചുതരേണ്ടതാണ്.

(ഒപ്പ്)
സാമൂഹ്യനീതി ഡയറക്ടർ

എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും

<u>പകർപ്പ്:</u>

1. സൂപ്രണ്ട്, എ സെക്ഷൻ (ബ്ലോക്ക് പഞ്ചായത്ത്/മുൻസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവിടങ്ങളിലേയ്ക്ക് ആവശ്യമായ തുക ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്ക് അനുവദിച്ച നൽകുന്നതിനും വേണ്ടി)
2. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻപ്രകാരം
സൂപ്രണ്ട്